ഇ.മെയിൽ: dmekerala@gmail.com
ഫോൺ: (ഓഫീസ് ) : 2528575
2444270
ഫാക്സ് : 0471-2443080

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം 695 011

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

ജി.ററി. /24324/2018/മെ.വി.കാ. തീയതി: 24.05.2019

## പരിപത്രം

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് – 2019 വർഷത്തെ പൊതുസ്ഥലംമാറ്റം കരട് പട്ടിക പ്രസിദ്ധീകരിക്കുന്നത് –സംബന്ധിച്ച്.

പരാമർശം: (1) ഈ ഓഫീസിലെ 06.02.2019 ലെ ഇതേ നമ്പർ വിജ്ഞാപനം.
(2) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ ഡി.ഡി.ഒ.മാർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർ എന്നിവർ മുഖാന്തിരം ജീവനക്കാർ സമർപ്പിച്ച പൊതു സ്ഥലംമാററത്തിനുള്ള അപേക്ഷകൾ.

i) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 2019 വർഷത്തെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് സ്ഥലംമാറ്റത്തിന് അർഹരായ വിവിധ തസ്തികകളിലെ ജീവനക്കാരുടെ കരട് സ്ഥലമാറ്റ പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ii) കരട് സ്ഥലംമാറ്റ പട്ടിക സംബന്ധിച്ച് എന്തെങ്കിലും പരാതി ഉള്ളവർ **01.06.2019** ന് വൈകിട്ട് **5** മണിക്ക് മുൻപ് അതാത് ഡി.ഡി.ഒ (ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ) ക്ക് പരാതി സമർപ്പിക്കേണ്ടതാണ്.

iii) ലഭിക്കുന്ന പരാതികൾ അതാത് ഡി.ഡി.ഒ പരിശോധിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ പരാതിയുടെ വിവരങ്ങളും പരാതി സംബന്ധിച്ച് ഡി.ഡി.ഒ യുടെ വ്യക്തമായ അഭിപ്രായവും രേഖപ്പെടുത്തി അതാത് ജില്ലാ അധികാരിയായ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് **03.06.2019** ന് വൈകിട്ട് **5** മണിക്ക് മുൻപ് ഇ-മെയിൽ മുഖേന അയച്ചു കൊടുക്കേണ്ടതാണ്. പരാതിയുടെ അസ്സൽ ഡി.ഡി.ഒ ഓഫീസർ സൂക്ഷിക്കേണ്ടതും ജില്ലാതല/സംസ്ഥാനതല ഓഫീസിൽ നിന്നും ആവശ്യപ്പെടുന്നപക്ഷം ഇ-മെയിൽ മുഖേന അയച്ചു തരേണ്ടതുമാണ്.

iv) ഡി.ഡി.ഒ ഓഫീസിൽ നിന്നും പ്രൊഫോർമയിൽ രേഖപ്പെടുത്തി നൽകിയിട്ടുള്ള പരാതികളും സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ (ജില്ലാതല ഓഫീസ് (ഡി.എൽ.ഒ)) ഓഫീസിന്റെ കീഴിലെ - ജീവനക്കാർ നൽകുന്ന പരാതികളും പരിശോധിച്ച് പ്രിൻസിപ്പാൾ (ഡി.എൽ.ഒ) ന്റെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി ക്രോഡീകരിച്ച

(---2)
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

പ്രൊഫോർമ dmeonlinegt@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ **04.06.2019** ന് വൈകിട്ട് **5** മണിക്ക് മുൻപ് ഈ കാര്യാലയത്തിലേയ്ക്ക് ഇ–മെയിൽ മുഖേന അയച്ചു തരേണ്ടതാണ്.

v) ഓരോ തസ്തികയുടേയും എസ്റ്റാബ്ലിഷ്മെന്റ് കൈകാര്യം ചെയ്യുന്നത് വിവിധ സെക്ഷനുകളിൽ ആയതിനാൽ **ഓരോ തസ്തികയ്ക്കും വെവ്വേറെ പ്രൊഫോർമ ഉള്ളടക്കം ചെയ്യേണ്ടതാണ്.**

vi) മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള തീയതി കഴിഞ്ഞും ഡി.ഡി.ഒ/ ഡി.എൽ.ഒ മുഖേനയല്ലാത്തതും, ഡി.ഡി.ഒ യുടേയും ഡി.എൽ.ഒ യുടേയും വ്യക്തമായ അഭിപ്രായം രേഖപ്പെടുത്താത്തതുമായ പരാതികൾ പരിഗണിക്കുന്നതല്ല.

ഒപ്പ്
ഡോ. റംലാബീവി.എ
ഡയറക്ടർ

സ്വീകർത്താവ്;

1. പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കൊല്ലം/കോന്നി/ ആലപ്പുഴ/കോട്ടയം/ ഇടുക്കി/ എറണാകുളം/തൃശൂർ/ മഞ്ചേരി/കോഴിക്കോട്/
2. പ്രിൻസിപ്പാൾ, സർക്കാർ ദന്തൽ കോളേജ്, തിരുവനന്തപുരം/ ആലപ്പുഴ/കോട്ടയം/ തൃശൂർ/കോഴിക്കോട്
3. പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/ കോട്ടയം/എറണാകുളം/തൃശൂർ/കോഴിക്കോട്.
4. സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം/ കൊല്ലം/ആലപ്പുഴ/കോട്ടയം/തൃശൂർ/കോഴിക്കോട്.
5. സൂപ്രണ്ട്, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം.
6. ഡയറക്ടർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി, തിരുവനന്തപുരം
7. ഇൻസ്റ്റിററ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം
8. മെഡിക്കൽ കോളേജ്, ചെസ്റ്റ് ഹോസ്പിററൽ, തൃശ്ശൂർ.
9. ഇൻസ്റ്റിററ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസ്, കോഴിക്കോട്.
10. ഇൻസ്റ്റിററ്യൂട്ട് ഓഫ് മെറേറർണൽ & ചൈൽഡ് ഹെൽത്ത്, കോഴിക്കോട്.
11. മെഡിക്കൽ കോളേജ്, ഹെൽത്ത് യൂണിററ്, പാങ്ങപ്പാറ,
12. റൂറൽ ഹെൽത്ത് സെന്റർ, വക്കം, തിരുവനന്തപുരം
13. മെഡിക്കൽ കോളേജ്, ഹെൽത്ത് യൂണിററ്, അമ്പലപ്പുഴ.
14. റൂറൽ ഹെൽത്ത് സെന്റർ, ചെട്ടിക്കാട്, ആലപ്പുഴ
15. ഹെൽത്ത് സെന്റർ, ഏററുമാനൂർ, കോട്ടയം.
16. ഹെൽത്ത് യൂണിററ്, തോളൂർ, തൃശ്ശൂർ.
17. ഹെൽത്ത് യൂണിററ്, ചെറുപ്പ, കോഴിക്കോട്.

പകർപ്പ്:

സൂപ്രണ്ട്, ഇ, എഫ്, ജി ,എച്ച്, ജെ , സെക്ഷൻ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്